REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-06-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് വനിതകളുടെ പങ്കാളിത്തം ഏറെ നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **നിലമ്പൂർ വഴിക്കടവിൽ 15-കാരൻ ഷോക്കേറ്റ് മരിച്ച സംഭവത്തിൽ മുഖ്യപ്രതി അറസ്റ്റിലായി.**
- **നിലമ്പൂർ മരണത്തിലെ പ്രസ്താവന പിൻവലിച്ച് മന്ത്രി AK ശശീന്ദ്രൻ മാപ്പ് പറയണമെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ.**
- **കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖ മഹോത്സവത്തിന് ഉച്ച കഴിഞ്ഞ് തുടക്കമാകും.**
- **ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസിൽ ഇന്ന് ജാനിക് സിന്നർ, കാർലോസ് അൽകാരസുമായി ഏറ്റുമുട്ടും.**

## വാർത്തകൾ വിശദമായി

വികസിത ഇന്ത്യ എന്ന ലക്ഷ്യത്തിലേക്ക് വനിതകളുടെ പങ്കാളിത്തം ഏറെ നിർണായകമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ശാസ്ത്രം, വിദ്യാഭ്യാസം, സ്റ്റാർട്ട് അപ്പ്, സായുധ സേന എന്നീ മേഖലകളിൽ വനിതകൾ മികച്ച മുന്നേറ്റമാണ് കാഴ്ചവെച്ചതെന്ന് അദ്ദേഹം സാമൂഹ്യമാധ്യമപോസ്റ്റിൽ കുറിച്ചു. സ്വച്ഛ് ഭാരത് അഭിയാൻ, ജൻധൻ അക്കൗണ്ട് എന്നിവയടക്കം പദ്ധതികളിലൂടെ സ്ത്രീകളെ അടിത്തട്ടിൽ തന്നെ ശാക്തീകരിക്കാൻ കഴിഞ്ഞതായി പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

വഴിക്കടവിൽ 15-കാരൻ ഷോക്കേറ്റ് മരിച്ച സംഭവത്തിൽ മുഖ്യപ്രതി പുത്തരിപ്പാടം സ്വദേശി വിനേഷ് അറസ്റ്റിലായി. കുറ്റം സമ്മതിച്ച വിനേഷ് കാട്ടുപന്നിയെ പിടികൂടി ഇറച്ചി വിൽക്കുകയായിരുന്നു ലക്ഷ്യമെന്ന് മൊഴി നൽകി. പ്രദേശത്തെ നായാട്ട് സംഘത്തിൽ പ്രധാനിയായ വിനേഷ് നേരത്തെയും ഇത്തരത്തിൽ പന്നിയെ പിടികൂടാൻ കെണിവച്ചിട്ടുണ്ട്. മൃഗവേട്ട സംഘങ്ങളെ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് വിനേഷ് പിടിയിലായത്. വിനേഷിന്റെ സഹായിയായ കുഞ്ഞു മുഹമ്മദിനേയും കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവം മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് DYSP അന്വേഷിക്കും.

ഇന്നലെ രാത്രിയാണ് വഴിക്കടവിൽ പത്താം ക്ലാസ് വിദ്യാർഥി അനന്തു പന്നിക്കെണിയിൽ നിന്നും ഷോക്കേറ്റ് മരിച്ചത്. ഒപ്പമുണ്ടായിരുന്ന രണ്ടുകുട്ടികൾക്കും ഷോക്കേറ്റു. ഷാനു, യദു എന്നിവർക്കാണ് പരിക്കേറ്റത്. ഇവരിൽ ഒരാൾ നിലമ്പൂർ ജില്ലാ ആശുപത്രിയിലും മറ്റേയാൾ സ്വകാര്യ ആശുപത്രിയിലും ചികിത്സയിലാണ്. ഇരുവരും അപകടനില തരണം ചെയ്തു.

✪✪✪

അനന്തുവിന്റെ മൃതദേഹം പോസ്റ്റ് മോർട്ടത്തിനു ശേഷം മണിമൂളി സ്കൂളിൽ എത്തിച്ച് പൊതുദർശനത്തിന് ശേഷം വീട്ടിലേക്ക് കൊണ്ടുപോയി. വീട്ടിലെ പൊതുദർശനത്തിന് ശേഷം ഉച്ചകഴിഞ്ഞ് സംസ്കാരം നടത്തും.

അനന്തു വിജയന്റെ വീട് LDF സ്ഥാനാർത്ഥി M സ്വരാജും UDF സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്തും NDA സ്ഥാനാർഥി മോഹൻ ജോർജും, കക്ഷിരഹിത സ്ഥാനാർത്ഥി PV അൻവറും സന്ദർശിച്ചു. സ്ഥാനാർത്ഥികൾ കുടുംബാംഗങ്ങളെ സമാശ്വസിപ്പിച്ചു.

✪✪✪

നിലമ്പൂർ വഴിക്കടവിൽ വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തെ പറ്റി വിശദാന്വേഷണം നടത്തുമെന്ന് മന്ത്രി AK ശശീന്ദ്രൻ കോഴിക്കോട്ട് പറഞ്ഞു. സ്വകാര്യ വ്യക്തിയുടെ തെറ്റിന് ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നത് ശരിയല്ലെന്നും സംഭവം ഖേദകരമാണെന്നും മന്ത്രി അറിയിച്ചു. വനംവകുപ്പിന് വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ കടുത്ത നടപടി എടുക്കുമെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു.

സംഭവം ഉണ്ടായ ഉടൻ ഗവൺമെന്റ് സ്പോൺസേർഡ് കൊലപാതകമെന്ന തരത്തിൽ ഉണ്ടായ പ്രതിപക്ഷ ആരോപണം ഉചിതമായില്ലെന്നും ഇതിന് പിന്നിൽ മറ്റെന്തെങ്കിലും ഗൂഢാലോചനയുണ്ടോ എന്ന് അപ്പോഴാണ് സംശയം

ഉയർന്നതെന്നും ശശീന്ദ്രൻ വിശദീകരിച്ചു. വനം വകുപ്പിനെ കുറ്റപ്പെടുത്താനാണ് പ്രതിപക്ഷം ശ്രമിച്ചതെന്നും മന്ത്രി പറഞ്ഞു.

✪✪✪

നിലമ്പൂരിൽ പത്താം ക്ലാസ് വിദ്യാർത്ഥി ഷോക്കേറ്റ് മരിച്ച സംഭവത്തിൽ ഗൂഢാലോചനയുണ്ടോ എന്നത് അന്വേഷണ ഏജൻസികൾ പരിശോധിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി അറിയിച്ചു. സംഭവം ദാരുണവും വേദനാജനകവുമാണെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. ഇക്കാര്യത്തിൽ രാഷ്ട്രീയ മുതലെടുപ്പിന് പ്രതിപക്ഷം തയ്യാറാകുന്നത് ഞെട്ടിക്കുന്ന കാര്യമാണെന്നും അദ്ദേഹം പറഞ്ഞു. അന്വേഷണത്തിൽ സത്യം താമസിയാതെ തന്നെ എല്ലാവർക്കും ബോധ്യമാകുമെന്നും ശിവൻകുട്ടി പറഞ്ഞു.

✪✪✪

വിദ്യാർഥി ഷോക്കേറ്റ് മരിച്ചതിന് ശേഷം ഉണ്ടായ രാഷ്ട്രീയ ഗൂഢാലോചന പരിശോധിക്കണമെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ ആവശ്യപ്പെട്ടു. ദാരുണ സംഭവങ്ങൾ രാഷ്ട്രീയ ആയുധമായി ഉപയോഗിക്കരുതെന്ന് അദ്ദേഹം നിലമ്പൂരിൽ പറഞ്ഞു. ഗൂഢാലോചനയ്ക്ക് പിന്നിൽ പ്രവർത്തിച്ചവർ ആരൊക്കെയാണെന്ന് അന്വേഷണത്തിലൂടെ മനസിലാകുമെന്നും MV ഗോവിന്ദൻ പറഞ്ഞു.

✪✪✪

മന്ത്രി AK ശശീന്ദ്രൻ നിലമ്പൂർ സംഭവത്തിൽ നടത്തിയ പ്രസ്താവന പിൻവലിച്ച് മാപ്പ് പറയണമെന്നും അല്ലെങ്കിൽ മന്ത്രി സ്ഥാനം രാജി വെക്കണമെന്നും പ്രതിപക്ഷ നേതാവ് VD സതീശൻ ആവശ്യപ്പെട്ടു. വിദ്യാർത്ഥിയുടെ മരണത്തെ രാഷ്ട്രീയ നേട്ടത്തിന് ഉപയോഗിക്കുന്ന ഹീനമായ നടപടിയാണ് മന്ത്രിയും CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദനും സ്വീകരിക്കുന്നതെന്ന് VD സതീശൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

വഴിക്കടവിൽ വൈദ്യുതിക്കെണി വെച്ച സംഭവം പൊലീസ് അന്വേഷിക്കണമെന്ന് മന്ത്രി K കൃഷ്ണൻ കുട്ടി ആവശ്യപ്പെട്ടു. എല്ലാ കുറ്റവും KSEB-യുടെ തലയിൽ കെട്ടിവെക്കാനാണ് ശ്രമമെന്ന് മന്ത്രി കുറ്റപ്പെടുത്തി.

സ്വകാര്യ വ്യക്തി സ്ഥാപിച്ച പന്നിക്കെണിയിൽ നിന്നാണ് വിദ്യാർത്ഥികൾക്ക് ഷോക്കേറ്റതെന്ന് KSEB ഫേസ്ബുക്കിലെ ഔദ്യോഗിക പേജിൽ വ്യക്തമാക്കി. സിംഗിൾ ഫേസ് ലൈനിൽ നിന്ന് തോട്ടി ഉപയോഗിച്ച് കമ്പി കുടുക്കി വൈദ്യുതി എടുത്തതാണ് അപകടത്തിന് ഇടയാക്കിയത്. ഇത്തരം നിയമ ലംഘനങ്ങൾക്കെതിരെ നിരന്തരം ബോധവത്കരണം നടത്താറുണ്ട്. കാർഷിക

വിള സംരക്ഷണത്തിന് ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റിൽ അപേക്ഷ നൽകി അനുമതിയോടെ മാത്രമേ വൈദ്യുതി വേലി സ്ഥാപിക്കാവൂ എന്നും KSEB അറിയിച്ചു.

✪✪✪

നിലമ്പൂർ സംഭവത്തിലെ വനം മന്ത്രിയുടെ പ്രസ്താവന പിൻവലിച്ച് അദ്ദേഹം മാപ്പ് പറയണമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. മന്ത്രിയുടെ ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്നും KPCC പ്രസിഡന്റ് പറഞ്ഞു.

✪✪✪

തെലങ്കാന മന്ത്രിസഭ ഉച്ചകഴിഞ്ഞ് വികസിപ്പിക്കും. G വിവേക് വെങ്കടസ്വാമി, A ലക്ഷ്മൺ, വാകിടി ശ്രീഹരി എന്നിവരാണ് ഹൈദരാബാദിലെ രാജ്ഭവനിൽ സത്യപ്രതിജ്ഞ ചെയ്യുക. ഇതോടെ മന്ത്രിസഭാംഗങ്ങളുടെ എണ്ണം 15 ആയി ഉയരും. രാമചന്ദ്രു നായിക് നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായും ചുമതലയേൽക്കും.

✪✪✪

ഒസാമ ബിൻലാദനെ കണ്ടെത്താനും വധിക്കാനും അമേരിക്കയെ സഹായിച്ച ഡോ. ഷക്കീൽ ആഫ്രിദിയെ ജയിലിൽ നിന്ന് മോചിപ്പിക്കാൻ നടപടി സ്വീകരിക്കാത്ത പാക്കിസ്ഥാനെ ഡോ. ശശി തരൂർ വിമർശിച്ചു. ആഫ്രിദിയുടെ മോചനത്തിന് സമ്മർദ്ദം ചെലുത്തണമെന്ന US കോൺഗ്രസ് അംഗം ബ്രാഡ് ഷെർമാന്റെ പ്രസ്താവനയോട് വാഷിംഗ്ടണിൽ പ്രതികരിക്കുകയായിരുന്നു അദ്ദേഹം

✪✪✪

ഇന്ന് ലോക സമുദ്രദിനം. സമുദ്ര സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും സമുദ്രങ്ങളെ സംരക്ഷിക്കാനും ലക്ഷ്യമിട്ടാണ് 2008 മുതൽ എല്ലാ വർഷവും ജൂൺ 8 ലോക സമുദ്ര ദിനമായി ആചരിക്കുന്നത്.

✪✪✪

രാജ്യത്തെ കോവിഡ് ബാധിതരുടെ എണ്ണം 6,133 ലെത്തിയതായി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം ന്യൂഡൽഹിയിൽ അറിയിച്ചു. കേരളത്തിലാണ് കൂടുതൽ രോഗികൾ - 1,950 പേർ. 6,237 പേർ രോഗമുക്തരായി.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പിലെ ചെലവുകൾ നിരീക്ഷിക്കാൻ എക്സ്പെൻ്റിച്ചർ ഒബ്സർവർ അങ്കിത് ആനന്ദ് മലപ്പുറത്തെത്തി. സ്ഥാനാർത്ഥികളുടെ ഓരോ ദിവസത്തെയും കണക്ക് സംബന്ധിച്ച് ഈ മാസം 10,13,17 തിയതികളിൽ പരിശോധന നടത്തും. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രങ്ങളുടെ രണ്ടാം ഘട്ട റാൻഡമൈസേഷൻ നാളെ നടത്തുമെന്ന് മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ കേൽക്കർ അറിയിച്ചു.

✪✪✪

ആക്സിയം സ്പെയ്സിൻ്റെ നാലാമത് മനുഷ്യ ബഹിരാകാശ ദൗത്യം മറ്റന്നാൾ ആരംഭിക്കും. ഇന്ത്യൻ യാത്രികൻ ശുഭാംഷു ശുക്ല ഉൾപ്പെടെ നാലുപേരാണ് നാസയുടെ ഫ്ളോറിഡ കെന്നഡി സ്പെയ്സ് സെൻ്ററിൽ നിന്ന് ദൗത്യം ആരംഭിക്കുന്നത്. ബുധനാഴ്ച രാത്രി പത്തോടെ യാത്രാ സംഘം അന്താരാഷ്ട്ര ബഹിരാകാശ സ്റ്റേഷനിൽ എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. 14 ദിവസം അവർ ബഹിരാകാശ സ്റ്റേഷനിൽ താമസിക്കും.

✪✪✪

സംസ്ഥാനത്ത് ട്രോളിങ് നിരോധനം നാളെ അർദ്ധരാത്രി നിലവിൽ വരും. ജൂലൈ 31 അർധരാത്രി 12 വരെ 52 ദിവസമാണ് ട്രോളിംഗ് നിരോധനം.

മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്താനും ശാസ്ത്രീയമായ മത്സ്യബന്ധനം ഉറപ്പാക്കാനുമാണ് ട്രോളിംഗ് നിരോധനം നടപ്പിലാക്കുന്നത്. ട്രോളിംഗ് നിരോധന സമയത്ത് കടൽരക്ഷാ പ്രവർത്തനങ്ങൾക്കും പട്രോളിംഗിനുമായി 9 തീരദേശ ജില്ലകളിൽ 19 സ്വകാര്യ ബോട്ടുകൾ വാടകയ്ക്കെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ പരിശീലനം പൂർത്തിയാക്കിയ 76 മത്സ്യത്തൊഴിലാളി യുവാക്കളെ കടൽ സുരക്ഷാ സേനാംഗങ്ങളായി രക്ഷാപ്രവർത്തനങ്ങൾക്ക് 9 മറൈൻ ജില്ലകളിലായി നിയോഗിക്കും.

✪✪✪

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ മഹാ കുംഭാഭിഷേകം രാവിലെ നടന്നു. ശ്രീകോവിലിനു മുകളിൽ താഴികക്കുടങ്ങളുടെ സമർപ്പണം, വിഷ്വക്സേന വിഗ്രഹത്തിൻ്റെ പുനഃപ്രതിഷ്ഠ, തിരുവമ്പാടി ശ്രീകൃഷ്ണ സ്വാമിക്ഷേത്രത്തിലെ അഷ്ടബന്ധകലശം എന്നിവയാണ് ഒരുമിച്ച് നടത്തിയത്.

മാർത്താണ്ഡവർമ്മ മഹാരാജാവ് 1750 ൽ ക്ഷേത്രം നവീകരിച്ച് തൃപ്പടിദാനം നടത്തിയിരുന്നു. ഇതിന് 275 വർഷങ്ങൾക്ക് ശേഷമാണ് പുതിയ താഴികക്കുടങ്ങൾ സ്ഥാപിക്കുന്നത്. 2017 മാർച്ചിൽ സുപ്രീംകോടതി നിയമിച്ച വിദഗ്ധ സമിതിയാണ് ക്ഷേത്രത്തിന്റെ നവീകരണത്തിന് നിർദ്ദേശം നൽകിയത്. ക്ഷേത്ര തന്ത്രിക്കും പൂജാരിമാർക്കും സ്ഥാനിക്കും പുറമേ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, വില്വമംഗലം സ്വാമിയാർ യോഗത്ത് പോറ്റിമാർ തുടങ്ങിയവർ മുഖ്യാതിഥികൾ ആയിരുന്നു.

✪✪✪

ഫ്രഞ്ച് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസിൽ ഇന്ന് ലോക ഒന്നാം നമ്പർ താരം ഇറ്റലിയുടെ ജാനിക് സിന്നർ, രണ്ടാം സീഡ് സ്പാനിഷ് താരം കാർലോസ് അൽകാരസുമായി ഏറ്റുമുട്ടും.

വനിതാ ഡബിൾസിൽ, രണ്ടാം സീഡായ ഇറ്റാലിയൻ ജോഡി, സാറ എറാനിയും, ജാസ്മിൻ പൗളിനിയും ഇന്ന് കസാക്കിസ്ഥാന്റെ അന്ന ഡാനിലിന, സെർബിയയുടെ അലക്സാൻഡ്രിയ ക്രുണിക് ജോഡിയുമായി ഏറ്റുമുട്ടും.

✪✪✪

FIH പ്രോ ലീഗ് മത്സരത്തിൽ ഇന്ത്യൻ പുരുഷ ഹോക്കി ടീം നെതർലൻഡ്സിനോട് ഒന്നിനെതിരെ രണ്ട് ഗോളിന് പരാജയപ്പെട്ടു. ആംസ്റ്റൽവീനിലെ വാഗനർ ഹോക്കി സ്റ്റേഡിയത്തിൽ ഇന്ത്യയുടെ ആദ്യ മത്സരമായിരുന്നു ഇത്.

തോൽവിയോടെ, ഒമ്പത് മത്സരങ്ങളിൽ നിന്ന് 15 പോയിന്റുമായി പട്ടികയിൽ ഇന്ത്യ നാലാം സ്ഥാനത്തായി. നെതർലൻഡ്സ്, 17 പോയിന്റുമായി ഒന്നാം സ്ഥാനത്താണ്. നാളെ ഇന്ത്യ വീണ്ടും നെതർലൻഡ്സിനെ നേരിടും.

✪✪✪

പതിനൊന്നാമത് മലബാർ റിവർ ഫെസ്റ്റിവലിന്റെ പ്രീ ഇവന്റുകൾക്ക് ഇന്ന് തുടക്കമാകും. അടുത്ത മാസം 24 മുതൽ 27 വരെ കോഴിക്കോട് കോടഞ്ചേരി ചാലിപ്പുഴയിലും ഇരുവഴിഞ്ഞിപ്പുഴയിലും ആണ് മലബാർ റിവർ ഫെസ്റ്റ്.

✪✪✪

കണ്ണൂർ വളപട്ടണം കളരി വാതുക്കൽ ഭഗവതി ക്ഷേത്രത്തിലെ കളിയാട്ടത്തോടെ ഉത്തര കേരളത്തിലെ കളിയാട്ടങ്ങൾക്ക് ഇന്ന് സമാപനമാകും. ഉച്ചകഴിഞ്ഞ് ഭഗവതിയുടെ തിരുമുടി നിവരും. ഇനി തുലാം 10 നാണു തെയ്യക്കാവുകൾ വീണ്ടും സജീവമാകുന്നത്.

✪✪✪

സ്വാതന്ത്ര്യസമര സേനാനി E.മൊയ്തു മൗലവി അനുസ്മരണം വൈകിട്ട് കോഴിക്കോട് DCC ഓഫീസിൽ നടത്തും. മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ പ്രസിദ്ധമായ വൈശാഖ മഹോത്സവത്തിന് ഇന്ന് തുടക്കമാകും. ഇനി ഒരു മാസം അക്കരെ കൊട്ടിയൂരിൽ ആളും ആരവങ്ങളും നിറയും. രാത്രി അക്കരെ കൊട്ടിയൂരിലെ സ്വയംഭൂവിൽ നെയ്യഭിഷേകം ചെയ്യുന്നതോടെയാണ് വൈശാഖോത്സവം ആരംഭിക്കുക. വയനാട്ടിലെ മുതിരേരിക്കാവിൽ നിന്ന് വാൾ വൈകിട്ടോടെ എഴുന്നള്ളിച്ച് കൊണ്ടുവരും. രാത്രിയോടെ സ്ഥാനികർ അക്കരെ പ്രവേശിച്ച് മൺതാലങ്ങളിൽ ചോതിവിളക്ക് തെളിയിയ്ക്കും. ചൊവ്വാഴ്ച മുതൽ സ്ത്രീകൾക്ക അക്കരെ കൊട്ടിയൂരിലേക്ക് പ്രവേശനം അനുവദിക്കും. ജൂലൈ നാലിന് തൃക്കലശാട്ടോടെയാണ് വൈശാഖോത്സവത്തിന് സമാപനമാവുക.

✪✪✪

KSRTC ചൊവ്വാഴ്ച മുതൽ വിവിധ ഡിപ്പോകളിൽനിന്ന് പ്രത്യേക സർവീസ് ആരംഭിക്കും. കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ ഡിപ്പോകൾക്ക് പുറമെ പാലക്കാട്, കോഴിക്കോട്, വടകര കാസർഗോഡ് എന്നിവിടങ്ങളിൽ നിന്നും സർവീസ് ഉണ്ടാകും.

✪✪✪

വിശ്വകർമ്മ ഐക്യവേദി സംസ്ഥാന പ്രവർത്തക കൺവെൻഷൻ രാവിലെ മലപ്പുറം ബാങ്ക് എംപ്ലോയീസ് ഹാളിൽ ആരംഭിച്ചു. വരാനിരിക്കുന്ന പഞ്ചായത്ത്, നിയമസഭാ തിരഞ്ഞെടുപ്പുകളിൽ വിശ്വകർമജരുടെ പ്രതിനിധ്യം, നിലമ്പൂർ ഉപതിരഞ്ഞെടുപ്പിലെ നിലപാട് തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

✪✪✪

കാർഷിക മേഖലയിലെ വിദഗ്ധർ കർഷകരുമായി സംവദിക്കുന്ന വികസിത് കൃഷി സങ്കല്പ് അഭിയാൻ വിവിധ ജില്ലകളിൽ പുരോഗമിക്കുന്നു. ഈ മാസം 12 വരെയാണ് ക്യാമ്പയിൻ.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRT: അനിൽ ചന്ദ്രൻ*
*DEO : സി കെ സുബോധ്*